# കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ, എറണാകുളം ജില്ല

## പ്രവചന കാലയളവ് 10.01.20256 മുതൽ 14.01.2026 വരെ

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**
**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**
**ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| **എ എ എസ് ബുള്ളറ്റിൻ നമ്പർ 02/2026 (3) വെള്ളിയാഴ്ച്ച** | **തീയ്യതി 09/01/2026** |
|---|---|

**അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :**

| കാലാവസ്ഥാ ഘടകങ്ങൾ | 10.01.2026 | 11.01.2026 | 12.01.2026 | 13.01.2026 | 14.01.2026 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 0 | 0 | 0.2 | 0.2 | 0 |
| ഉയർന്ന താപനില (°C) | 31 | 32 | 32 | 32 | 32 |
| കുറഞ്ഞ താപനില (°C) | 23 | 23 | 23 | 23 | 23 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 60 | 60 | 60 | 60 | 60 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 50 | 50 | 50 | 55 | 55 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 3 | 8 | 8 | 6 | 5 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 70 | 90 | 90 | 90 | 110 |
| മേഘ വ്യാപ്തി (ഒക്ടാ ) | 4 | 4 | 4 | 6 | 4 |

കാലാവസ്ഥാ അറിയിപ്പ്:- വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാൽ ആവശ്യഘട്ടങ്ങളിൽ വിളകൾക്ക് നന കൊടുക്കേണ്ടതാണ്. കേരളത്തിൽ ശരാശരി മഴ ലഭിക്കാൻ സാധ്യത.

**വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും (RRS Vyttila)**

പൊതുനിർദേശങ്ങൾ:-.കാർഷികവിളകളിൽ രോഗകീടങ്ങളുടെ ആക്രമണം നിയന്ത്രിക്കുന്നതിനായി മുൻകരുതലുകൾ സ്വീകരിക്കേണ്ടതാണ്. മണ്ണിന്റെ ഈർപ്പം സംരക്ഷിക്കാൻ വിളകൾക്ക് ശരിയായ പുതയിടൽ രീതി അവലംബിക്കാവുന്നതാണ്.

| വിളകൾ | രോഗ-കീടങ്ങൾ, വിള പരിപാലനം | കാർഷിക കാലാവസ്ഥ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് | ഇലപ്പേനുകൾ | പാടത്തു വെള്ളം കെട്ടിനിർത്തി ഇലപ്പേനുകളെ ഒരു പരിധിവരെ നിയന്ത്രിക്കാം. കീടാക്രമണം രൂക്ഷമായാൽ തയാമെതോക്സാം 25 WG 2 ഗ്രാം പത്തു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച് തളിക്കുക. |
| പച്ചക്കറികൾ | മണ്ഡരി | രണ്ടു ശതമാനം വേപ്പെണ്ണവെളുത്തുള്ളിമിശ്രിതം അല്ലെങ്കിൽ വേപ്പധിഷ്ഠിത കീടനാശിനികൾ അസാഡിറാക്ടിൻ 0.004% (4 മി.ലി. ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ചത്) അല്ലെങ്കിൽ വെറ്റബിൾസൾഫർ 0.4 % തളിക്കാവുന്നതാണ്. ആക്രമണം രൂക്ഷമാകുമ്പോൾ രാസകീടനാശിനികളായ ഡൈമെത്തോയേറ്റ് 30 EC (1.5 മി.ലി. ഒരുലിറ്റർവെള്ളത്തിൽ) അല്ലെങ്കിൽ സ്പൈറോമെസിഫെൻ 22.9 % SC (8 മി.ലി. പത്തു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ചത്) അല്ലെങ്കിൽ ഡയാഫെൻതയൂറോൺ 50% WP (1.2 ഗ്രാം 10 ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ചത്) എന്നിവയിലേതെങ്കിലും ഇലകളുടെ അടിഭാഗത്ത്കൂടി വീഴുന്നവിധം തളിക്കുക. കീടങ്ങൾക്ക്കീടനാശിനികളോടുള്ള പ്രതിരോധം ഉരുത്തിരിയുന്നത്തടയാൻ കീടനാശിനികൾ യുക്തിസഹമായി പരിക്രമണംചെയ്യുക. |
| വിവിധവിളകളിൽ | ശലഭപ്പുഴുക്കൾ | വേപ്പിൻകുരുസത്ത് 5 % [നന്നായി പൊടിച്ച വേപ്പിൻകുരു 50 ഗ്രാം കിഴി കെട്ടി ഒരു ലിറ്റർ വെള്ളത്തിൽ മുക്കി 12 മണിക്കൂർ വെക്കുക, ശേഷം കിഴി നന്നായി പലതവണ പിഴിഞ്ഞ്, പുറത്തുവരുന്ന വെള്ളം ക്ലിയർ ആകുന്നവരെ പിഴിഞ്ഞെടുത്തത്] തളിച്ച്കൊടുക്കാം; ബിവേറിയബസിയാന 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കാം; ക്ലോറാൻട്രാലിനിപ്പ്രോൾ 18.5 SC മൂന്നു മില്ലിലി. പത്തു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കാം. |

മൃഗസംരക്ഷണം-: കുരലടപ്പൻ, കുളമ്പു രോഗം എന്നിവയുടെ പ്രതിരോധ കുത്തിവെയ്പ് എടുക്കുക. ചാണക പരിശോധന നടത്തി വിദഗ്ധോപദേശ പ്രകാരം വിര മരുന്ന് നൽകുക. (CAADECCS, KVASU, Mannuthy)